# ഒരുമ

ചാസ് ബുള്ളറ്റിൻ

ലക്കം : 51 വാല്യം : 22 ജൂലൈ 2019




## കാലാവസ്ഥ വ്യതിയാനത്തിനൊരു ഹരിതതാളം



*സാമൂഹ്യ പ്രവർത്തക നേതൃസമ്മേളനവും പരിസ്ഥിതി ദിനാചരണവും ഡോ. എൻ ജയരാജ് MLA ഉദ്ഘാടനം ചെയ്യുന്നു. (ജൂൺ 05)*



*"ഹരിതഭൂമി 2019-22" ശ്രീ. മുരളീധരൻ തഴക്കര ഉദ്ഘാടനം ചെയ്യുന്നു.*



*ആകാശവാണി 'വയലും വീടും' പരിപാടിയുടെ ഡയറക്ടർ ശ്രീ. മുരളീധരൻ തഴക്കരയെ, ഡോ. എൻ ജയരാജ് MLA ആദരിക്കുന്നു.*



*SSLC +2 പരീക്ഷകളിൽ മികച്ച വിജയം നേടിയ സ്വാശ്രയസംഘാംഗങ്ങളുടെ മക്കൾക്കുള്ള അവാർഡ് വിതരണം ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. ലാലിച്ചൻ കുന്നിപ്പറമ്പിൽ നിർവഹിക്കുന്നു ചെയ്യുന്നു.*

# ഒരുമ
ചാസ് ബുള്ളറ്റിൻ

ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ മുഖപത്രം

ലക്കം 51 | വാല്യം 22
ജൂലൈ 2019
പേജ് : 48



## താളുകളുടെ താളം

| | |
|---|---|
| 01 | മുഖമൊഴി |
| 04 | കാലാവസ്ഥ വ്യതിയാനത്തിനൊരു ഹരിതതാളം |
| 11 | കുട്ടനാട് പുനർനിർമ്മാണപദ്ധതി |
| 19 | പ്രോജക്ട് വാർത്തകൾ |
| 24 | തണൽ |
| 27 | മൈക്രോഫിനാൻസ് |
| 30 | കേന്ദ്രവാർത്തകൾ |
| 36 | മേഖലാവാർത്തകൾ |
| 40 | പരിശീലന പരിപാടികൾ |
| 41 | RRTC |
| 42 | ചാസ് ഖാദി |
| 44 | അറിയിപ്പുകൾ |

editorial board

**രക്ഷാധികാരി**

മാർ ജോസഫ് പെരുന്തോട്ടം

**മാനേജിംഗ് എഡിറ്റേഴ്സ്**

ഫാ. ജോസഫ് കളരിക്കൽ
ഫാ. ജോർജ് മാന്തുരുത്തിൽ
ഫാ. തോമസ് കുളത്തുങ്കൽ

**ചീഫ് എഡിറ്റർ**

ശ്രീ. ജോസ് പുതുപ്പള്ളി

**എക്സിക്യൂട്ടീവ് എഡിറ്റേഴ്സ്**

ശ്രീ. ജോസ് സെബാസ്റ്റ്യൻ
ശ്രീ. ബിനു ജോസഫ്
ശ്രീമതി ബിന്ദു തോമസ്
ശ്രീമതി ബിന്ദു സിബി

ലേ ഔട്ട് & പ്രിന്റിംഗ്
**സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ്** ചങ്ങനാശേരി
ഫോൺ: 0481-2410101





# മുഖമൊഴി

*ബഹു. അച്ചാ/സുഹൃത്തേ,*

**ചാസിൽനിന്നും ആശംസകൾ !!!**

നൂറ്റാണ്ടിലെ മഹാപ്രളയം സംഭവിച്ചിട്ട് ഒരുവർഷം പൂർത്തിയാവുകയാണ്. അസന്തുലിതമായ കാലാവസ്ഥാവ്യതിയാനവും പ്രകൃതി വിഭവങ്ങളുടെ അശാസ്ത്രീയ ചൂഷണവും ഭരണസംവിധാനങ്ങളുടെ കെടുകാര്യസ്ഥതയും അതിലുപരി സമൂഹത്തിൽ പൊതുവെയുള്ള നിഷേധാത്മകതയുമാണ് പ്രളയത്തിനും അനുബന്ധമായ ദുരിതങ്ങൾക്കും കാരണമായതെന്ന് മനസിലാക്കാൻ വലിയ ബുദ്ധിമുട്ടില്ല. സമാനമായ മറ്റൊരു ദുരന്തത്തെ അതിജീവിക്കാനുള്ള ത്രാണി, ഇനി നമുക്കുണ്ടാകുമോ എന്ന് നിശ്ചയമില്ല.

പ്രളയത്തിനുശേഷം ഒരു വർഷം കഴിഞ്ഞ് തിരിഞ്ഞുനോക്കുമ്പോൾ, പ്രളയഘട്ടത്തിൽ നമ്മൾ ചെയ്ത ദുരിതാശ്വാസപ്രവർത്തനങ്ങളിലെ കൂട്ടായ്മാഭാവത്തെയും വിപുലതയെയും കുറിച്ച് അനുഭവപ്പെടുന്ന അഭിമാനബോധത്തിനപ്പുറം ചില തിരിച്ചറിവുകൾ ഉണ്ടാവേണ്ടത് അനിവാര്യമാണ്.

ആളുകൾക്ക് വീട് നിർമ്മിച്ചു നല്കിയതും, ശൗചാലയം കേടുപാട് നീക്കിയതും വളർത്തുമൃഗങ്ങളെ വിതരണം ചെയ്തതും ജലം ശുദ്ധീകരിച്ച് ഉപയോഗിക്കാനുള്ള മെഷീനുകൾ സംലഭ്യമാക്കിയതും നാട്ടുകാർക്ക് സാമ്പത്തിക സഹായം നൽകിയതുകൊണ്ടും മാത്രം പ്രകൃതി ദുരന്തത്തിനു പരിഹാരമാവില്ല. നമ്മുടെ നാടിന്റെ അടിസ്ഥാനസൗകര്യങ്ങൾ ശാസ്ത്രീയമായും പ്രദേശത്തിന്റെ പ്രത്യേകതകൾക്ക് ചേർന്ന രീതിയിലും പുനർക്രമീകരിക്കുകയല്ലേ വേണ്ടത്. പ്രകൃതി വിഭവങ്ങളും അവയുടെ സ്രോതസ്സുകളും (മണ്ണും വെള്ളവും) സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കാതെ എത്രനാൾ നമുക്ക് മുമ്പോട്ടുപോകാനാവും. അനിയന്ത്രിതമായ കടന്നുകയറ്റങ്ങൾ തടഞ്ഞും, അശാസ്ത്രീയമായ നിർമ്മിതികൾ നീക്കം ചെയ്തും, വികസനോന്മുഖമായ പ്രവർത്തന ശൈലിയുടെ മാതൃകകൾ നമ്മുടെ നാട്ടിൽ സൃഷ്ടിക്കപ്പെടുന്നിടത്താണ് ശാശ്വതമായ പരിഹാരം. വരും തലമുറകൾക്ക്

ജീവിക്കാനുള്ളതാണ് ഈ നാട് എന്ന ബോധ്യം ഓരോ വ്യക്തിയിലും സൃഷ്ടിച്ചെടുക്കാനുള്ള ബോധപൂർവ്വമായ പരിശ്രമങ്ങളും പദ്ധതികളുമാണ് ഇന്നിന്റെ ആവശ്യം. മാലിന്യസംസ്ക്കരണം (ജൈവവും അജൈവവും) കൃഷിയിൽ രാസവസ്തുക്കളുടെ (വളം, വിഷം) ഉപയോഗം തടയൽ, ജലസ്രോതസ്സുകളുടെ പുനരുജ്ജീവനവും സംരക്ഷണവും, പ്ലാസ്റ്റിക്ക് തുടങ്ങിയ പ്രകൃതിവിരുദ്ധ ഉത്പന്നങ്ങളുടെ ഉത്തരവാദിത്വരഹിതമായ ഉപയോഗത്തിലുള്ള നിയന്ത്രണം എന്നിവ യാഥാർത്ഥ്യമാക്കണം. അല്ലെങ്കിൽ പ്രകൃതി ദുരന്തത്തേക്കാൾ ഭീകരമായ മാനുഷ്യനിർമ്മിത ദുരന്തങ്ങളുടെ-ജീവിതശൈലി രോഗങ്ങൾ, ശുദ്ധജലക്ഷാമം-നമ്മുടെ നിലനിൽപ്പിനെ തന്നെ ബാധിക്കും.

ഒരോ പൗരനുമുണ്ട് സമൂഹത്തോടും, പ്രകൃതിയോടും ഉത്തരവാദിത്വം. ഈ തിരിച്ചറിവിലേയ്ക്ക് നമ്മുടെ സമൂഹം നീങ്ങണം. ഇവ ലക്ഷ്യം വച്ചുകൊണ്ട് വ്യക്തി, കുടുംബം, സംഘം, യൂണിറ്റ്, മേഖല കേന്ദ്രതലങ്ങളിൽ പ്രവർത്തിക്കാൻ നമ്മുടെ സംവിധാനങ്ങളെ സജ്ജമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ നമുക്ക് ബാദ്ധ്യതയുണ്ട്. ഈ തിരിച്ചറിവിലാണ് 2019 -22 കാലഘട്ടത്തിൽ ''ഹരിതഭൂമി'' പദ്ധതി ചാസ് വിഭാവനം ചെയ്തിരിക്കുന്നത്. അതോടൊപ്പം തന്നെ സംഘങ്ങൾ, ക്രെഡിറ്റ് യൂണിയൻ, ഫാർമേഴ്സ് ക്ലബുകൾ, JLG കൾ മുതലായ സാമൂഹ്യാധിഷ്ഠിത സംവിധാനങ്ങളെ ശാക്തീകരിക്കുകയും വേണം. അതിന് ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു. ഏവരുടെയും സഹകരണം വിനീതമായി അഭ്യർത്ഥിക്കുന്നു.

*വിശ്വസ്തതയോടെ,*

**ഫാ. ജോസഫ് കളരിക്കൽ**
*ഡയറക്ടർ*



## സ്വാഗതം...

ചാസിന്റെ പുതിയ പ്രസിഡണ്ടായി
ചുമതലയേറ്റ വികാരി ജനറാൾ
**വെ. റവ. ഫാ. ജോസഫ്**
**വാണിയപ്പുരയ്ക്കലിനെ**
ചാസ് ഓഫീസിൽ ഡയറക്ടർ
ഷാൾ അണിയിച്ചു
**സ്വീകരിക്കുന്നു.**

# കാലാവസ്ഥ വ്യതിയാനത്തിനൊരു ഹരിതതാളം



**ജോസ് പുതുപ്പള്ളി**
*പ്രോഗ്രാം ഡയറക്ടർ, ചാസ്*

പരിസ്ഥിതി മലിനീകരണം മൂലം മനുഷ്യന്റെ മാത്രമല്ല സകല ജീവജാലങ്ങളുടെയും നിലനിൽപ്പുതന്നെ ഇന്ന് ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണല്ലോ. കഴിഞ്ഞ നൂറ്റാണ്ടിലെ പരിധികളില്ലാത്ത വികസന പ്രവർത്തനങ്ങളും വ്യവസായ വിപ്ലവവും പരിസ്ഥിതിപ്രശ്നങ്ങൾക്ക് ആക്കംകൂട്ടി. ആഗോളതാപനം കാലഘട്ടം നേരിടുന്ന വലിയ വെല്ലുവിളിയാണ്. അന്തരീക്ഷോഷ്മാവ് ക്രമാതീതമായി ഉയർന്നുകൊണ്ടിരിക്കുന്നു. ജീവജാലങ്ങളുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ജലസാന്നിധ്യവും പ്രതിസന്ധി നേരിടുകയാണ്. ജലദൗർലഭ്യം നാൾക്കുനാൾ രൂക്ഷമായിക്കൊണ്ടിരിക്കുന്നു. കാലവർഷവും തുലാവർഷവും കാലം തെറ്റി ലഭ്യമാകുന്നു. വർഷകാലം കഴിഞ്ഞാലുടനെ വരൾച്ചയും ജലക്ഷാമവും സാധാരണമായിക്കഴിഞ്ഞു. വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിൽ പോലും ജനങ്ങൾ കുടിവെള്ളത്തിനായി നെട്ടോട്ടമോടുന്നു. ഹരിതവിപ്ലവത്തിലൂടെ നേടിയെടുത്ത ഭക്ഷ്യോത്പാദന വർദ്ധനവും ഇന്ന് എതിർദിശയിലാണ്. 2025 ആകുമ്പോഴേക്കും ഭക്ഷ്യോൽപ്പാദനം മൂന്നിലൊന്നുകുറയുമെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. അമിതമായ രാസവളപ്രയോഗവും കീടനാശിനി ഉപയോഗവും മണ്ണിന്റെ ഫലപുഷ്ടി നഷ്ടമാക്കി. ഭൂമിയുടെ ഉത്പ്പാദനക്ഷമത ക്രമാതീതമായി ശോഷിച്ചുകൊണ്ടിരിക്കുന്നു. മുൻകാലങ്ങളിൽ നഗരങ്ങളിലും പട്ടണങ്ങളിലുമായിരുന്ന മാലിന്യപ്രശ്നം ഇന്ന് ഗ്രാമങ്ങളിലും കുടുംബങ്ങളിലും എത്തി നില്ക്കുന്നു.

ചുരുക്കത്തിൽ മനുഷ്യന്റെ അടിസ്ഥാനാവശ്യങ്ങളായ ഭക്ഷണവും കുടിവെള്ളവും മാത്രമല്ല അവൻ ചുവടുറപ്പിക്കുന്ന ഭൂമിയും ശ്വസിക്കുന്ന വായുവും രൂക്ഷമലിനീകരണത്തിന്റെ പാതയിലാണ്. ഇവ പ്ര

ദാനം ചെയ്യുന്ന ആരോഗ്യപ്രശ്നങ്ങൾ പ്രവചനാതീതമാണ്. മുമ്പ് രോഗാണുക്കൾ മൂലമുള്ള രോഗങ്ങളാണ് വെല്ലുവിളി ഉയർത്തിയിരുന്നതെങ്കിൽ ഇന്ന് രോഗാണുക്കളില്ലാത്ത രോഗങ്ങളാണ് പ്രധാനവില്ലൻ. കുട്ടികളിൽപോലും ഡയബിറ്റിസ്, ഹൃദ്രോഗം, പ്രഷർ, വൃക്ക സംബന്ധമായ അസുഖങ്ങൾ തുടങ്ങിയവ സർവ്വസാധാരണമായിരിക്കുന്നു. ജീവിതശൈലി രോഗങ്ങൾ എന്ന ഓമനപ്പേരിൽ മനുഷ്യജീവൻ പന്താടപ്പെടുന്നു.

ഈ ദിശാസന്ധിയിൽ പരിസ്ഥിതി സംരക്ഷണത്തിനായി കൈകോർക്കാൻ ചാസ് **'ഹരിതഭൂമി 2019-22'** പദ്ധതിക്ക് തുടക്കം കുറിക്കുന്നു. 165 ഗ്രാമതല യൂണിറ്റുകളിലൂടെ ചാസിനോടു കണ്ണിചേരുന്ന 70000 കുടുംബങ്ങളിൽ സംയോജിത പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പാക്കാൻ **'ഹരിതഭൂമി 2019-22'** ലക്ഷ്യം വയ്ക്കുന്നു.

## ശുചിത്വനാട്

പ്രകൃതി നിയമത്തിൽ 'മാലിന്യം' ഇല്ല. പ്രകൃതിദത്തമായി ഉല്പ്പാദിപ്പിക്കപ്പെടുന്നവയൊക്കെ പ്രകൃതിയിൽ ഒഴിച്ചുകൂടാൻ പാടില്ലാത്തവയാണ്. സസ്യ-ജന്തു സമൂഹത്തിൽ ഒന്ന് തിരസ്കരിക്കുന്നത് മറ്റൊന്ന് സ്വീകരിക്കുന്നു. ഉദാ. മനുഷ്യന്റെ ഉച്ഛ്വാസവായു ചെടികൾ സ്വീകരിക്കുന്നു പകരം പ്രാണവായു അന്തരീക്ഷത്തിലേയ്ക്ക് നൽകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള പ്രകൃതിയുടെ ക്രമത്തിന് താളം തെറ്റുന്നിടത്താണ് മാലിന്യം രൂപപ്പെടുന്നത്. മനുഷ്യൻ നിർമ്മിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിച്ചാൽ മാലിന്യപ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. ഇതിനായി **ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കമ്പോസ്റ്റ്, റിംഗ് കമ്പോസ്റ്റ്, മുച്ചട്ടി, ടെറാക്കോട്ട** തുടങ്ങിയ മാലിന്യ സംസ്ക്കരണ ഉപാധികൾ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ ശുചിത്വനാട് യാഥാർത്ഥ്യമാകും.

## ജൈവഗ്രാമം

### 1. മണ്ണ് സംരക്ഷണം

ഫലപുഷ്ടിയുള്ള മണ്ണാണ് വിളസമൃദ്ധി ഉറപ്പാക്കുന്നത്. സൂക്ഷ്മജീവികളും ബാക്ടീരിയകളും ജൈവവസ്തുക്കൾ ആഹരിച്ച് വളമാക്കി മണ്ണിന് നല്കുന്നു. അങ്ങനെ ഫലപുഷ്ടിയുള്ള മണ്ണ് രൂപപ്പെടുന്നു. മണ്ണിന് ജലസംഭരണശേഷി നല്കുന്നതും ജൈവവസ്തുക്കളാണ്. അതുകൊണ്ട് **ആവശ്യമായ ജൈവാംശം മണ്ണിനു നല്കിയാൽ ഫലപുഷ്ടിയും ജലലഭ്യതയും** ഉറപ്പാക്കാം.

### 2. ജൈവകൃഷി

പ്രകൃതി സൗഹൃദ കൃഷിരീതിയാണ് ജൈവകൃഷി. ജൈവകൃഷി

യിൽ പ്രകൃതിദത്തമായ ജൈവവസ്തുക്കൾ സംസ്കരിച്ച് വളമാക്കി മണ്ണിന് നല്കുന്നു വിപണിയിൽ നിന്ന് ജൈവവളം വിലയ്ക്കുവാങ്ങി ഉപയോഗിക്കുന്നത് പ്രായോഗികമല്ല. ഇവിടെ ചെടികൾക്കല്ല മണ്ണിനാണ് വളം നല്കുന്നത്. ഈ മണ്ണിൽ വളരുന്ന വിളകൾ പോഷക സമൃദ്ധി ഉറപ്പാക്കുന്ന വിളവ് പ്രദാനം ചെയ്യുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന വിളകൾ **"ഭക്ഷണം ഔഷധം-ആരോഗ്യദായകം"** എന്ന അടിസ്ഥാന തത്വം യാഥാർത്ഥ്യമാക്കുന്നു. ഭക്ഷിക്കുന്നവരുടെ സുസ്ഥിതിക്ക് ആവശ്യമായ പോഷകങ്ങൾ ലഭ്യമാക്കുന്നു. അതിനായി **വളർത്തുകൂട്ടം, അടുക്കളത്തോട്ടം, ഫലവൃക്ഷതൈകളുടെ വ്യാപനം, അക്വാപോണിക്ക് കൃഷി** തുടങ്ങിയവ പ്രാവർത്തികമാക്കണം.

## മഴക്കൊയ്ത്ത്

സുലഭമായി ലഭിക്കുന്ന മഴ നമുക്ക് ഒരനുഗ്രഹമാണ്. ഏറ്റവും നല്ല ശുദ്ധജലം മഴജലമാണ്. ഇത് പരമാവധി ഉപയോഗപ്പെടുത്തുന്നത് നമുക്ക് ശീലമാക്കണം. ഇന്നു ലഭിക്കുന്നത് നാളേയ്ക്കുവേണ്ടി സൂക്ഷിച്ചുവയ്ക്കാനും കഴിയണം. **അതിനായി കിണർ റീചാർജ്ജിംഗ്, ജലസംഭരണി, പടുതാക്കുളം, നീർക്കുഴി, ബാക്ക് വാഷിംഗ്, ഫിൽറ്റർ ടാങ്ക്, ജലസ്രോതസ്സുകളുടെ സംരക്ഷണം** തുടങ്ങിയവ സഹചര്യമനുസരിച്ച് പ്രായോഗികമാക്കണം.

## ഹരിതസ്പർശം

രണ്ടാം ലോകമഹായുദ്ധാനന്തര കാലഘട്ടത്തിൽ ദ്രുതവികസനത്തിന് ഏറെ സംഭാവനകൾ നല്കിയ വസ്തുവാണ് പ്ലാസ്റ്റിക്. മനുഷ്യജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്ലാസ്റ്റിക് സ്വാധീനം ദൃശ്യമാണ്. ആരോഗ്യരംഗത്തും ജലവിതരണരംഗത്തും വീടുകൾ മോടിപിടിപ്പിക്കുന്നതിനും വീട്ടുപകരണങ്ങളുടെ മേഖലയിലുമൊക്കെ പ്ലാസ്റ്റിക്ക് സാന്നിദ്ധ്യമറിയിച്ചിട്ടുണ്ട്. പക്ഷേ ആധുനിക ലോകത്ത് പ്ലാസ്റ്റിക്ക് വില്ലന്റെ രൂപം സ്വീകരിച്ചുകഴിഞ്ഞു. ലോകത്ത് കണ്ടെത്തിയിട്ടുള്ള 47 വിഷവസ്തുക്കളിൽ 36 ഉം പ്ലാസ്റ്റിക്കിലുണ്ട്. പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ഭീഷണിയുടെ തോത് വർദ്ധിപ്പിക്കുന്നു. ഈ-വേസ്റ്റ് വരുത്തുന്ന വിന പ്രവചനാതീതവുമാണ്.

ഇന്ന് പ്ലാസ്റ്റിക് നിർമ്മാർജ്ജനം എളുപ്പമല്ല. പക്ഷേ പ്ലാസ്റ്റിക്ക് വേണ്ടവിധം കൈകാര്യം ചെയ്താൽ മലിനീകരണം നല്ലയളവിൽ തടയാൻ കഴിയും. ഇതിനായി പ്ലാസ്റ്റിക്കിന്റെ പുനരുപയോഗവും പുനർനിർമ്മാണവും സംസ്ക്കരണവും പ്രോത്സാഹിപ്പിക്കണം. കഴുകി ഉപയോഗിക്കുന്ന **കോട്ടൺ പാടുകൾ, കളിമൺ പാത്രങ്ങൾ, തുണി സഞ്ചികൾ** തുടങ്ങിയവയുടെ ഉപയോഗം വ്യാപകമാക്കണം.

**ഊർജ്ജസംരക്ഷണം**

ആധുനിക കാലഘട്ടത്തിൽ ഊർജ്ജമാണ് പുരോഗതിയുടെ വഴിവിളക്ക്. ഊർജ്ജ പ്രതിസന്ധി സമൂഹത്തെ പ്രതികൂലമായി സ്വാധീനിച്ചുകഴിഞ്ഞു. ലഭ്യമായ ഊർജ്ജസ്രോതസ്സുകളായ ഇന്ധനങ്ങളും വൈദ്യുതിയും വെള്ളവും നിയന്ത്രിച്ച് ഉപയോഗിക്കാനും **ബദൽ ഊർജ്ജ സ്രോതസ്സുകളായ ബയോഗ്യാസ്, സൗരോർജ്ജം** തുടങ്ങിയവ കൂടുതലായി ഉപയോഗിക്കാനും കഴിയണം.

## "ഹരിതഭൂമി 2019-22" പദ്ധതികൾ

### 1. തൊടിയിൽ ഒരു ഫലവൃക്ഷം

**(a) ആകെ ചെലവ് Rs. 750/- ഇനങ്ങൾ 11**

പ്ലാവ്-1, മാവ്-1, മുരിങ്ങ-1, കറിവേപ്പ്-1, തെങ്ങ് (മലയൻ)-1
പപ്പായ-1, പച്ചക്കറിതൈ-5

**(b) ആകെ ചെലവ് Rs. 600/- ഇനങ്ങൾ -6**

കുടുംപുളി-1, ചെറുനാരകം-1, തെങ്ങ് കുറ്റിയാടി-1, പപ്പായ-1
മുരിങ്ങ-1, കറിവേപ്പ്-1

**(c) ആകെ ചെലവ് Rs. 500/- ഇനങ്ങൾ-5**

ചെറുനാരകം-1, ചാമ്പ-1, പേര -1, പപ്പായ-1, കറിവേപ്പ്-1

**(d) ആകെ ചെലവ് Rs. 450/- ഇനങ്ങൾ-24**

പപ്പായ-1, മുരിങ്ങ-1, കറിവേപ്പ്-1, കുടംപുളി-1, പച്ചക്കറിതൈ-20

### വിലവിവരം

| | | | |
|---|---|---|---|
| തെങ്ങ് -മലയൻ | Rs. 180/- | തെങ്ങ് -കുറ്റിയാടി | Rs. 160/- |
| റംമ്പൂട്ടാൻ | Rs. 300/- | ആയൂർ ജാക്ക് | Rs. 250/- |
| ജാതി | Rs. 250/- | സപ്പോട്ട | Rs. 225/- |
| പ്ലാവ് (തേൻവരിക്ക) | Rs. 200/- | ചെമ്പരത്തി വരിക്ക | Rs. 200/- |
| നാടൻ മാവ് | Rs. 220/- | കുടുംപുളി | Rs. 220/- |
| പേര | Rs. 150/- | ചെറുനാരകം | Rs. 150/ |
| ചാമ്പ | Rs. 150/- | പപ്പായ | Rs. 30/- |
| കറിവേപ്പ് | Rs. 50/- | മുരിങ്ങ | Rs. 10/- |

- *യൂണിറ്റിലെ SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങളുടെ തൊടിയിൽ ഒരു ഫലവൃക്ഷമെങ്കിലും ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.*

- *SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് ക്രെഡിറ്റ് യൂണിയൻ വഴി പലിശരഹിത ഹ്രസ്വകാല വായ്പകൾ അനുവദിക്കാവുന്നതാണ്.*
- *ഓർഡർ നൽകുന്ന ഇനം 50 മുതൽ 75 വരെ ഉണ്ടെങ്കിൽ യൂണിറ്റുകളിൽ എത്തിച്ചു നൽകും ഓർഡർ കുറവാണെങ്കിൽ മറ്റ് യൂണിറ്റുകളിലെ ഓർഡർ കൂടി ക്രമീകരിച്ച് വിതരണം ചെയ്യും.*

## 2. ശുചിത്വനാട്

### (a) മാലിന്യസംസ്ക്കരണ പദ്ധതികൾ

| | |
|---|---|
| 1. ബയോഗ്യാസ് പ്ലാന്റ് | Rs. 16500/- (0.5m3) |
| 2. റിംഗ് കമ്പോസ്റ്റ് | Rs. 2500/- |
| 3. മുച്ചട്ടി | Rs. 1500/- |
| 4. പൈപ്പ് കമ്പോസ്റ്റ് | Rs. 1100/- |
| 5. ടെറാക്കോട്ട കമ്പോസ്റ്റ് | Rs. 850/- |

- *ചാസുമായി ബന്ധപ്പെട്ട എല്ലാ വീടുകളിലും ഏതെങ്കിലും ഒരു മാലിന്യസംസ്ക്കരണ സംവിധാനം ലക്ഷ്യംവയ്ക്കുന്നു.*
- *SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങൾക്ക് ക്രെഡിറ്റ് യൂണിയനിൽനിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പാ സൗകര്യം ക്രമീകരിക്കാവുന്നതാണ്.*
- *SHG കൾക്ക് 5% കമ്മീഷൻ ലഭിക്കും.*
- *ഓർഡർ നൽകുന്ന ഇനം 50 ൽ കൂടുതൽ ഉണ്ടെങ്കിൽ യൂണിറ്റുകളിൽ എത്തിച്ചു നൽകും ഓർഡർ കുറവാണെങ്കിൽ മറ്റ് യൂണിറ്റുകളിലെ ഓർഡർ കൂടി ക്രമീകരിച്ച് വിതരണം ചെയ്യും.*
- *കൂടുതൽ ഓർഡർ നൽകുന്ന യൂണിറ്റുകളിൽ 20 ദിവസത്തിനുള്ളിൽ മാലിന്യസംസ്ക്കരണോപാധികൾ ലഭ്യമാക്കുന്നതാണ്.*

## 3. മഴക്കൊയ്ത്ത്

മഴവെള്ള സംഭരണി നിർമ്മാണ പദ്ധതി (പലിശ രഹിത വായ്പ)

**Cost Estimate for Construction FC Tank**

| Capacity | Per ltr | Cost including labour and material |
|---|---|---|
| 5000 ltrs | 7 | 35,000/- |
| 10000 ltrs | 5 | 50,000/- |
| 15000 ltrs | 5 | 75,000/- |
| 20000 ltrs | 5 | 1,00,000/- |
| 25000 ltrs | 4.75 | 1,18,750/- |

| | | |
|---|---|---|
| 30000 ltrs | 4.75 | 1,42,500/- |
| 40000 ltrs | 4.75 | 1,90,000/- |
| 50000 ltrs | 4.50 | 2,25,000/- |
| 75000 ltrs | 4.25 | 3,18,750/- |
| 100000 ltrs | 4 | 4,00,000/- |
| 200000 ltrs | 3.5 | 7,00,000/- |

- *SHG, ക്രെഡിറ്റ് യൂണിയൻ അംഗങ്ങക്കുവേണ്ടിയുള്ള പദ്ധതി.*
- *യൂണിറ്റുകൾ മുഖാന്തിരം അപേക്ഷ സമർപ്പിക്കാം.*
- *വായ്പ ആവശ്യമുള്ളവർക്ക് ക്രെഡിറ്റ് യൂണിയൻ വഴി പലിശ രഹിത വായ്പാസൗകര്യം.*
- *കാലാവധിക്കുള്ളിൽ വായ്പതുക തിരിച്ചടച്ചാൽ മാത്രം സബ്സിഡി ലഭിക്കും.*
- *വ്യക്തികൾ എടുക്കുന്ന വായ്പയുടെ പലിശ കേന്ദ്രഓഫീസിൽനിന്ന് നൽകുന്നതാണ്.*
- *അപേക്ഷയും തുകയും യൂണിറ്റിൽ നിന്നും കേന്ദ്ര ഓഫീസിൽ ലഭിച്ച് 10 ദിവസത്തിനുള്ളിൽ നിർമ്മാണം ആരംഭിക്കുന്നതാണ്.*
- *ആദ്യ ഒരുവർഷം സർവ്വീസ് സൗജന്യമായിരിക്കും.*

## 4. വളർത്തുകൂട്ടം–കോഴി, താറാവ്, ആട്

### (a) മുട്ടക്കോഴിയും കോഴിക്കൂടും

| | |
|---|---|
| * 25 കോഴിയും കൂടും (മേൽക്കൂരയോടുകൂടിയത്) | Rs. 13,500/- |
| * 25 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 11,750/- |
| * 10 കോഴിയും കൂടും (മേൽക്കൂരയുള്ളത്) | Rs. 8,250/- |
| * 10 കോഴിയും കൂടും (മേൽക്കൂരയില്ലാതെ) | Rs. 6,250/- |
| * 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 10,000/- |
| * 25 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 8,000/- |
| * 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയുള്ളത്) | Rs. 6,750/- |
| * 10 കോഴികൾക്കുള്ള കൂട് (മേൽക്കൂരയില്ലാതെ) | Rs. 4,750/- |
| * B.V. 380 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞ് (45 ദിവസം) | Rs. 160/- |
| * നാടൻ കോഴിക്കുഞ്ഞുങ്ങൾ (45 ദിവസം) | Rs. 100/- |

### (b) താറാവ്

| | |
|---|---|
| * നാടൻ താറാവ് (45 ദിവസം) | Rs. 200/- |

### (c) ആട്

| | |
|---|---|
| * ജോഡി (4–6 മാസം) | Rs. 10,000/- |

- ✦ *യൂണിറ്റുകൾ ഓരോമാസവും 15-ാം തീയതിക്കകം ഓർഡർ കേന്ദ്ര ഓഫീസിൽ എത്തിക്കുക. കേന്ദ്ര ഓഫീസിൽ തുക ലഭിച്ച് 50 ദിവസത്തിനുള്ളിൽ ഇനങ്ങൾ യൂണിറ്റിൽ എത്തിക്കും.*
- ✦ *കോഴിക്കൂട് യൂണിറ്റിൽ ലഭ്യമാക്കുന്നതിന് കുറഞ്ഞത് 20 പേരെങ്കിലും യൂണിറ്റിൽനിന്നും ഓർഡർ നൽകണം.*
- ✦ *അപേക്ഷകർക്ക് ക്രെഡിറ്റ് യൂണിയൻ വഴി കുറഞ്ഞ പലിശനിരക്കിൽ (9%) ലോൺ ലഭ്യമാക്കാവുന്നതാണ്.*
- ✦ *യൂണിറ്റുകൾ ഓർഡർ സ്വീകരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം ഓരോമാസവും 15-ാം തീയതിയും. തുക 30-ാം തീയതിയും കേന്ദ്ര ഓഫീസിൽ എത്തിക്കണം.*
- ✦ *അടുത്തമാസം 30-ാം തീയതിക്കകം ഇനങ്ങൾ യൂണിറ്റിൽ എത്തിക്കും.*

**(d) അക്വാപോണിക് കൃഷി**

മീൻ കൃഷിയും പച്ചക്കറി കൃഷിയും ഒറ്റ കുടക്കീഴിൽ. ചെലവ് Rs. 17,000/- യൂണിറ്റുകളിൽ പരിശീലനം പൂർത്തിയാക്കി ഓർഡറും പണവും കേന്ദ്ര ഓഫീസിൽ അടച്ച് ഒരു മാസത്തിനുള്ളിൽ പദ്ധതി ആരംഭിക്കും.

❋ *കുറഞ്ഞത് 8 പേരെങ്കിലും ഒരു യൂണിറ്റിൽനിന്നും പങ്കുചേരണം.*

NB യൂണിറ്റുകൾ ഓർഡർ സ്വീകരിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് ഓരോമാസവും 15-ാം തീയതിയും തുക 30-ാം തീയതിയും കേന്ദ്ര ഓഫീസിൽ എത്തിക്കണം.



**ആദരാഞ്ജലികൾ**

ചാസ്-കോപ്പ്ടാക്കിൽ കഴിഞ്ഞ
20 വർഷക്കാലം Cassock
വിഭാഗത്തിൽ സേവനം
അനുഷ്ഠിച്ച വന്ന

**സി. ട്രീസാ FCC**

ഏപ്രിൽ 15 ന് നിര്യാതയായി.

ചാസ് കുടുംബത്തിന്റെ
ആദരാഞ്ജലികൾ.

# കുട്ടനാട് പുനർനിർമ്മാണ പദ്ധതി

**2019 ഏപ്രിൽ 01 – ജൂൺ 30**

ചങ്ങനാശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കുട്ടനാട്ടിൽ നടത്തപ്പെടുന്ന പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഏപ്രിൽ-ജൂൺ മാസങ്ങളിൽ വിവിധ പദ്ധതികളിൽ സഹായവിതരണം നടത്തി.

## I. ഭവനനിർമ്മാണം *(ഏപ്രിൽ 10,16, മെയ് 13)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| പാണ്ടി | 4 | 2,19,000 |
| പുതുക്കരി | 4 | 1,70,000 |
| തായങ്കരി | 4 | 2,67,000 |
| മരിയാപുരം | 4 | 3,11,000 |
| തകഴി | 4 | 3,87,000 |
| കരുമാടി | 4 | 2,82,000 |
| കേളമംഗലം | 1 | 98,000 |
| വേഴപ്രാ | 4 | 2,87,000 |
| രാമങ്കരി | 4 | 2,67,000 |
| മാമ്പുഴക്കരി | 3 | 1,79,000 |
| വെളിയനാട് North | 4 | 2,75,000 |
| കരുവാറ്റ | 4 | 3,85,000 |
| അമ്പലപ്പുഴ | 3 | 2,70,500 |
| പടഹാരം | 3 | 2,96,000 |
| ഈര | 3 | 2,35,000 |
| ചേന്നങ്കരി | 3 | 2,66,000 |
| മിത്രക്കരി | 4 | 2,10,000 |
| വെളിയനാട് South | 4 | 3,20,000 |
| മഹേന്ദ്രപുരം | 2 | 1,59,500 |
| പുഴവാത് | 1 | 35,000 |
| കുമരങ്കരി | 3 | 2,60,000 |
| വെട്ടിത്തുരുത്ത് | 3 | 2,45,000 |
| കാവാലം ലിസ്യൂ | 3 | 2,65,000 |
| കൈനടി | 4 | 3,10,000 |
| പച്ച ചെക്കിടിക്കാട് | 2 | 1,95,000 |

| | | |
|---|---|---|
| പാണ്ടങ്കരി | 3 | 2,50,000 |
| കേളമംഗലം | 1 | 50,000 |
| കാവാലം സെന്റ് തെരേസാസ് | 4 | 3,88,200 |
| പുന്നക്കുന്നം | 4 | 3,88,200 |
| വടക്കേഅമിച്ചകരി | 3 | 2,28,000 |
| പുളിംകുന്ന് | 1 | 1,00,000 |
| ഒന്നാംകര | 2 | 2,00,000 |
| പള്ളാത്തുരുത്തി | 3 | 2,25,000 |
| കൈനകരി | 4 | 3,60,000 |
| പയറ്റുപാക്ക | 2 | 1,93,000 |
| പുറക്കാട് | 4 | 3,65,000 |
| കണ്ണാടി സെന്റ് റീത്താസ് | 3 | 2,89,000 |
| കണ്ണാടി സെന്റ് ജോസഫ്സ് | 4 | 3,26,000 |
| ചങ്ങങ്കരി | 4 | 3,50,000 |
| എടത്വാ | 5 | 2,50,000 |
| തെക്കേക്കര | 3 | 2,33,500 |
| കണ്ടങ്കരി | 3 | 2,83,000 |
| നസ്രത്ത് | 3 | 2,88,500 |
| കായൽപ്പുറം സെന്റ് ജോസഫ്സ് | 4 | 3,85,000 |
| കായൽപ്പുറം സെന്റ് ആന്റണീസ് | 3 | 2,55,000 |
| കൊണ്ടാക്കൽ | 3 | 2,93,000 |
| കൈതവന | 3 | 2,93,000 |
| അറുന്നൂറ്റിൻപാടം | 5 | 3,98,000 |
| കുട്ടമംഗലം | 3 | 2,53,000 |
| വൈശ്യംഭാഗം | 3 | 2,92,000 |
| നർബോനപുരം | 3 | 2,82,500 |
| തോട്ടുവാത്തല | 4 | 3,88,000 |
| പുല്ലങ്ങടി | 4 | 3,60,000 |
| കൂലിപ്പുര | 3 | 3,25,000 |
| കാവാലം സെന്റ് ജോസഫ്സ് | 3 | 2,91,000 |
| കരിയിൽ തോട്ടപ്പള്ളി | 2 | 1,90,000 |
| മങ്കൊമ്പ് | 4 | 3,10,000 |
| പൊങ്ങ | 4 | 4,00,000 |
| **ആകെ** | **189** | **1,56,76,900** |

## II. CHASS-ITALIAN BISHOP'S CONFERENCE-PERK

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ (CEI) സഹായത്തോടെ മുട്ടാർ, എടത്വാ, തകഴി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന PERK-Participatory Effort (Relief, Rehabilitation, Resettlement in Kuttanadu) പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന സഹായങ്ങൾ നൽകി.

### 1. വാട്ടർ പ്യൂരിഫയർ *(ഏപ്രിൽ 16, 17 ജൂലൈ 5)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| എടത്വാ | 16 | 88,000 |
| മിത്രക്കരി | 11 | 60,500 |
| കൊടുപ്പുന്ന | 10 | 55,000 |
| ചങ്ങങ്കരി | 20 | 1,10,000 |
| തായങ്കരി | 14 | 77,000 |
| കിഴക്കേമിത്രക്കരി | 13 | 71,500 |
| പുതുക്കരി | 15 | 82,500 |
| തകഴി | 7 | 38,500 |
| കരുമാടി | 10 | 55,000 |
| പടഹാരം | 14 | 77,000 |
| പച്ച-ചെക്കിടിക്കാട് | 6 | 33,000 |
| മുട്ടാർ ന്യൂ | 15 | 82,500 |
| മരിയാപുരം | 4 | 22,000 |
| പാണ്ടങ്കരി | 5 | 27,500 |
| കോയിൽമുക്ക് | 7 | 38,500 |
| മുട്ടാർ ഓൾഡ് | 11 | 60,500 |
| കേളമംഗലം | 14 | 77,000 |
| **ആകെ** | **192** | **10,56,000** |

### 2. ഹൈടെക് കോഴി കൂട് വിതരണം *(ഏപ്രിൽ 13, 16, മെയ് 7)*

| *ഇടവക* | *ഗുണഭോക്താക്കൾ* | *തുക* | *ആകെ തുക* |
|---|---|---|---|
| തകഴി | 7 | 10500 | 73,500 |
| എടത്വാ | 22 | 10500 | 2,31,000 |
| കരുമാടി | 4 | 10500 | 42,000 |
| പടഹാരം | 5 | 10500 | 52,500 |
| പച്ചചെക്കിടിക്കാട് | 11 | 10500 | 1,15,500 |
| മിത്രക്കരി | 7 | 10500 | 73,500 |

| | | | |
|---|---|---|---|
| മുട്ടാർ ന്യൂ | 6 | 10500 | 63,000 |
| മരിയാപുരം | 6 | 10500 | 63,000 |
| പാണ്ടങ്കരി | 4 | 10500 | 42,000 |
| കോയിൽമുക്ക് | 5 | 10500 | 52,500 |
| കൊടുപ്പുന്ന | 7 | 10500 | 73,500 |
| ചങ്ങങ്കരി | 10 | 10500 | 1,05,000 |
| മുട്ടാർ ഓൾഡ് | 6 | 10500 | 63,000 |
| തായങ്കരി | 6 | 10500 | 63,000 |
| കേളമംഗലം | 5 | 10500 | 52,500 |
| കിഴക്കേമിത്രക്കരി | 8 | 10500 | 84,000 |
| പുതുക്കരി | 8 | 10500 | 84,000 |
| മുട്ടാർ CMI | 3 | 10500 | 31,500 |
| **ആകെ** | **130** | | **13,65,000** |

**3. താറാവ് വിതരണം - ഒരു ഗുണഭോക്താവിന് 25 താറാവ് വീതം *(മെയ് 14)***

| *ഇടവക* | *ഗുണഭോക്താക്കൾ* | *ആകെ തുക* |
|---|---|---|
| ചങ്ങങ്കരി | 13 | 65,000 |
| മുട്ടാർ ഓൾഡ് | 9 | 45,000 |
| മുട്ടാർ ന്യൂ | 7 | 35,000 |
| മുട്ടാർ CMI | 4 | 20,000 |
| കിഴക്കേമിത്രക്കരി | 7 | 35,000 |
| **ആകെ** | **40** | **2,00,000** |

**4. ശൗചാലയനിർമ്മാണം (മെയ് 13)**

| *ഇടവക* | *ഗുണഭോക്താക്കൾ* | *CEI സംഭാവന* | *ഗുണഭോക്തൃ വിഹിതം* | *ആകെ പദ്ധതി തുക* |
|---|---|---|---|---|
| തായങ്കരി | 4 | 60000 | 20000 | 80,000 |
| മിത്രക്കരി | 2 | 30000 | 10000 | 40,000 |
| കേളമംഗലം | 3 | 45000 | 15000 | 60,000 |
| **ആകെ** | **9** | **1,35,000** | **45,000** | **1,80,000** |

**III. CHASS-CARITAS INDIA, EA- PROJECT (അതിജീവൻ)**

കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് നടപ്പാക്കുന്ന പുനരധിവാസപദ്ധതിയിൽ (EA-Project) താഴെപ്പറയുന്ന സഹായങ്ങൾ വിതരണം ചെയ്തു.

**1. ഭവന നിർമ്മാണം - ഒന്നാം ഗഡു വിതരണം (ഏപ്രിൽ 26, മെയ് 7)**

| **ഇടവക** | ***ഗുണഭോക്താക്കൾ*** | **ആദ്യഗഡു തുക** | **ആകെ തുക** |
|---|---|---|---|
| ഒന്നാംകര | 1 | 30,000 | 30,000 |
| പുല്ലങ്ങടി | 5 | 30,000 | 1,50,000 |
| കൂലിപ്പുര | 1 | 30,000 | 30,000 |
| **ആകെ** | **7** | | **2,10,000** |

**2. ശൗചാലയ നിർമ്മാണം - ഒന്നാം ഗഡു വിതരണം (ഏപ്രിൽ 26)**

| ***ഇടവക*** | ***ഗുണഭോക്താക്കൾ*** | ***ആദ്യഗഡു*** | ***ആകെ തുക*** |
|---|---|---|---|
| ഒന്നാംകര | 2 | 15,000 | 30,000 |
| പുല്ലങ്ങടി | 7 | 15,000 | 1,05,000 |
| ചമ്പക്കുളം | 2 | 15,000 | 30,000 |
| **ആകെ** | **11** | | **1,65,000** |

**3. ഭവന നിർമ്മാണം - രണ്ടാം ഗഡു വിതരണം (മെയ് 18, 30)**

| ***ഇടവക*** | ***ഗുണഭോക്താക്കൾ*** | ***രണ്ടാംഗഡു*** | ***ആകെ തുക*** |
|---|---|---|---|
| വടക്കേഅമിച്ചകരി | 4 | 20,000 | 80,000 |
| തോട്ടുവാത്തല | 4 | 20,000 | 80,000 |
| തെക്കേക്കര | 4 | 20,000 | 80,000 |
| പൊങ്ങ | 3 | 20,000 | 60,000 |
| ഒന്നാംകര | 1 | 20,000 | 20,000 |
| പുല്ലങ്ങടി | 5 | 20,000 | 1,00,000 |
| നസ്രേത്ത് | 4 | 20,000 | 80,000 |
| കൂലിപ്പുര | 5 | 20,000 | 1,00,000 |
| വൈശ്യംഭാഗം | 4 | 20,000 | 80,000 |
| കൊണ്ടാക്കൽ | 2 | 20,000 | 40,000 |
| ചമ്പക്കുളം | 4 | 20,000 | 80,000 |
| നർബോനപുരം | 4 | 20,000 | 80,000 |
| കണ്ടങ്കരി | 4 | 20,000 | 80,000 |
| **ആകെ** | **48** | | **9,60,000** |

**4. ശൗചാലയ നിർമ്മാണം - രണ്ടാം ഗഡു വിതരണം (മെയ് 18, 30)**

| ***ഇടവക*** | ***ഗുണഭോക്താക്കൾ*** | ***രണ്ടാംഗഡു*** | ***ആകെ തുക*** |
|---|---|---|---|
| വടക്കേഅമിച്ചകരി | 7 | 50,00 | 35,000 |
| തോട്ടുവാത്തല | 7 | 50,00 | 35,000 |

| | | | |
|---|---|---|---|
| തെക്കേക്കര | 7 | 50,00 | 35,000 |
| പൊങ്ങ | 7 | 50,00 | 35,000 |
| ഒന്നാംകര | 2 | 50,00 | 10,000 |
| പുല്ലങ്ങടി | 7 | 50,00 | 35,000 |
| നസ്രേത്ത് | 7 | 50,00 | 35,000 |
| കൂലിപ്പുര | 7 | 50,00 | 35,000 |
| വൈശ്യംഭാഗം | 7 | 50,00 | 35,000 |
| കൊണ്ടാക്കൽ | 7 | 50,00 | 35,000 |
| ചമ്പക്കുളം | 12 | 50,00 | 60,000 |
| നർബോനപുരം | 7 | 50,00 | 35,000 |
| കണ്ടങ്കരി | 7 | 50,00 | 35,000 |
| **ആകെ** | **91** | | **4,55,000** |

**5. കോഴി വളർത്തൽ (മാർച്ച് 30, മെയ് 22 )**

ഒരു ഗുണഭോക്താവിന് 10 കോഴിവീതം (Rs. 1500/-) 100 ഗുണഭോക്താക്കൾക്കായി 1000 കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു

| ***ഇടവക*** | ***ഗുണഭോക്താക്കൾ*** | ***ആകെ തുക*** |
|---|---|---|
| നസ്രേത്ത് | 13 | 19,500 |
| ചേന്നങ്കരി | 17 | 25,500 |
| കൂലിപ്പുര | 14 | 21,000 |
| പൊങ്ങ | 21 | 31,500 |
| തോട്ടുവാത്തല | 13 | 19,500 |
| നർബോനപുരം | 17 | 25,500 |
| ഒന്നാംകര | 5 | 7,500 |
| **ആകെ** | **100** | **1,50,000** |

**6. ആട് വളർത്തൽ - ഒരു ഗുണഭോക്താവിന് 2 ആടുകൾ *(ഏപ്രിൽ 5, 16, മെയ് 17, 25)***

| ***ഇടവക*** | ***ഗുണഭോക്താക്കൾ*** | ***പദ്ധതി തുക*** |
|---|---|---|
| ചേന്നങ്കരി | 7 | 70,000 |
| കൂലിപ്പുര | 5 | 50,000 |
| തോട്ടുവാത്തല | 5 | 50,000 |
| കണ്ടങ്കരി | 9 | 90,000 |
| വൈശ്യംഭാഗം | 10 | 1,00,000 |
| കൊണ്ടാക്കൽ | 3 | 30,000 |

| | | |
|---|---|---|
| പുല്ലങ്ങടി | 7 | 70,000 |
| ഒന്നാംകര | 3 | 30,000 |
| ചമ്പക്കുളം | 16 | 1,60,000 |
| വടക്കേഅമിച്ചകരി | 6 | 60,000 |
| തെക്കേക്കര | 5 | 50,000 |
| നർബോനപുരം | 7 | 70,000 |
| ആകെ | 83 | 8,30,000 |

**7. വാട്ടർപ്യൂരിഫയർ വിതരണം (മെയ് 17)**

| *ഇടവക* | *ഗുണഭോക്താക്കൾ* | *ആകെ തുക* |
|---|---|---|
| വടക്കേഅമിച്ചകരി | 7 | 38,500 |
| ചമ്പക്കുളം | 11 | 60,500 |
| നസ്രത്ത് | 8 | 44,000 |
| ചേന്നങ്കരി | 8 | 44,000 |
| കണ്ടങ്കരി | 8 | 44,000 |
| കൂലിപ്പുര | 11 | 60,500 |
| തെക്കേക്കര | 6 | 33,000 |
| വൈശ്യംഭാഗം | 7 | 38,500 |
| പൊങ്ങ | 5 | 27,500 |
| കൊണ്ടാക്കൽ | 6 | 33,000 |
| തോട്ടുവാത്തല | 8 | 44,000 |
| നർബോനപുരം | 6 | 33,000 |
| ഒന്നാംകര | 4 | 22,000 |
| പുല്ലങ്ങടി | 5 | 27,500 |
| **ആകെ** | **100** | **5,50,000** |

**IV. പുറക്കാട് ഇടവകയിൽ പുന്നത്തുറ ഇടവകയുടെ ഭവന-ശൗചാലയ നിർമ്മാണ പദ്ധതി (02.04.2019)**

| *പദ്ധതി* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| ഭവനനിർമ്മാണം | 3 | 1,50,000 |
| ശൗചാലയനിർമ്മണം | 5 | 1,00,000 |

**V. ഈര ഇടവകയിൽ പാലാ കരിമ്പാനി ഇടവകയുടെ നേതൃത്വത്തിൽ WATSAN പദ്ധതി (3.04.2019)**

| *പദ്ധതി* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| ശൗചാലയനിർമ്മണം | 7 | 1,40,000 |
| വാർട്ടർ പ്യൂരിഫയർ | 7 | 35,000 |

**VI. ഷംഷാബാദ് രൂപത-ഭവനനിർമ്മാണം**

| *ഇടവക* | *ഗുണഭോക്താക്കൾ* | *പദ്ധതി തുക* |
|---|---|---|
| പച്ച-ചെക്കിടിക്കാട് | 4 | 8,00,000 (പൂർണ്ണം) |
| ചേന്നങ്കരി | 5 | 6,50,000 (ഭാഗീകം) |
| പാണ്ടി | 3 | 5,25,000 (ഭാഗീകം) |
| തായങ്കരി | 3 | 3,75,000 (ഭാഗീകം) |
| **ആകെ** | **15** | **23,50,000** |

**VII. Xisco Muñoz Expuig, Spain WATSAN Project**
**ശൗചാലയം (ഏപ്രിൽ 30, മെയ് 7)**

| *ഇടവക* | *ഗുണഭോക്താക്കൾ* | *ആകെ തുക* |
|---|---|---|
| രാമങ്കരി | 1 | 40,000 |
| കൈനടി | 5 | 1,60,000 |
| കുമരങ്കരി | 4 | 1,20,000 |
| വെളിയനാട് കേസറിയ | 3 | 90,000 |
| കാവാലം ലിസ്യൂ | 5 | 1,50,000 |
| **ആകെ** | **18** | **5,60,000** |



**കടലാക്രമണം രൂഷമായ ഒറ്റമശ്ശേരി കടപ്പുറത്ത് ചാസ് പ്രതിനിധികൾ സന്ദർശനം നടത്തുന്നു.**

# പ്രോജക്ട് വാർത്തകൾ

**2019 ഏപ്രിൽ 01 – ജൂൺ 30**

**I. കുട്ടനാട് പുനർനിർമ്മാണ പദ്ധതി (ഭവനനിർമ്മാണം)**

കുട്ടനാട് പുനർനിർമ്മാണ പദ്ധതിയിൽ ചാസിന്റെ 58 യൂണിറ്റുകളിൽ 189 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് 1,56,76,900/- രൂപ വിതരണം ചെയ്തു.

**II. CHASS-ITALIAN BISHOP'S CONFERENCE-PERK**

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ (CEI) സഹായത്തോടെ **മുട്ടാർ, എടത്വാ, തകഴി** ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന PERK-Participatory Effort (Relie Rehabilitation, Resettlement in Kuttanadu) പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന സഹായങ്ങൾ വിതരണം ചെയ്തു.

**(1) വാട്ടർപ്യൂരിഫയർ**

**മുട്ടാർ, എടത്വാ, തകഴി** പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 192 കുടുംബങ്ങൾക്ക് വാട്ടർപ്യൂരിഫയർ വിതരണം ചെയ്തു. ഈ പദ്ധതിയിൽ 10,56,000/- രൂപ ചെലവഴിച്ചു.




**(2) ഹൈടെക് കൂടും കോഴിയും വിതരണം**

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ



**എടത്വാ, മുട്ടാർ** പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയുടെ (PERK) ഭാഗമായി ഏപ്രിൽ 13, 16, മെയ് 7 തീയതികളിൽ 130 ഗുണഭോക്താക്കൾക്ക് 25 കോഴിയും ഹൈടെക് കൂടും വിതരണം ചെയ്തു. 13,65,000 രൂപ പദ്ധതിയിൽ ചെലവഴിച്ചു.

**(3) താറാവ് വിതരണം**

ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസിന്റെ സഹായത്തോടെ **എടത്വാ, മുട്ടാർ** പഞ്ചായത്തുകളിൽ നടപ്പാക്കുന്ന പുനരധിവാസ



പദ്ധതിയുടെ (PERK) ഭാഗമായി മെയ് 14 ന് **ചങ്ങങ്കരി, മുട്ടാർ ഓൾഡ്, മുട്ടാർ ന്യൂ, മുട്ടാർ CMI, കിഴക്കേമിത്രക്കരി** എന്നീ യൂണിറ്റുകളിൽ ഒരു ഗുണഭോക്താവിന് 25 താറാവുവീതം 40 ഗുണഭോക്താക്കൾക്ക് 1000 താറാവുകളെ വിതരണം ചെയ്തു. രണ്ട് ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചു.

**(4) ശൗചാലയ നിർമ്മാണം**

കുട്ടനാട് പുനരധിവാസ പദ്ധതിയിൽ PERK പദ്ധതിയുടെ ഭാഗമായി **തായങ്കരി, മിത്രക്കരി, കേളമംഗലം** യൂണിറ്റുകളിൽ 9 ഗുണഭോക്താക്കൾക്ക് 1,80,000 രൂപ ശൗചാലയ നിർമ്മാണത്തിനായി നൽകി.

**(5) WATSAN ബോധവത്ക്കരണം**

കുട്ടനാട് പുനരധിവാസ പദ്ധതികളുടെ ഭാഗമായി ആരോഗ്യം, ശുചിത്വം, കുടിവെള്ളം എന്നിവയെ അടിസ്ഥാനമാക്കി **കരുമാടി** യൂണിറ്റിൽ മാർച്ച് 31 ന് ബോധവത്ക്കരണ സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോംസി പൂവത്തോളിൽ ഉദ്ഘാടനം നിർവഹിച്ചു. ഡോ. അജികുമാർ Dch ക്ലാസ് നയിച്ചു. 33 അംഗങ്ങൾ പങ്കെടുത്തു.

**മുട്ടാർ ഓൾഡ്** യൂണിറ്റിൽ ഏപ്രിൽ 6 ന് ആരോഗ്യസംരക്ഷണ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അബ്രഹാം തയ്യിൽ ഉദ്ഘാടനം ചെയ്തു. ഗവൺമെന്റ് ആയുർവേദ ഡിസ്പൻസറിയിലെ ഡോ. വിനോദ് നമ്പൂതിരി ആരോ

ഗ്യം, ശുചിത്വം, കുടിവെള്ളം എന്നിവയെ അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു. 80 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

**പാണ്ടങ്കരി** യൂണിറ്റിൽ ഏപ്രിൽ 8 ന് ആരോഗ്യസംരക്ഷണ ബോധവത്ക്കരണസെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ആന്റണി തേവാരി ഉദ്ഘാടനം നിർവഹിച്ചു. ആരോഗ്യസംരക്ഷണത്തെക്കുറിച്ച് കോ-ഓർഡിനേറ്റർ ആൻസി ലോനിച്ചൻ ക്ലാസ് നയിച്ചു. 82 അംഗങ്ങൾ പങ്കെടുത്തു.

**III. CHASS-CARITAS INDIA, EA-PROJECT (അതിജീവൻ)**

**(1) ഭവനനിർമ്മാണം ഒന്നാം ഗഡു വിതരണം (ഏപ്രിൽ 26, മെയ് 7)**

അതിജീവൻ പദ്ധതിയുടെ ഭാഗമായി **ഒന്നാംകര, പുല്ലങ്ങടി, കൂലിപ്പുര** യൂണിറ്റുകളിൽ 7 കുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായത്തിന്റെ ഒന്നും രണ്ടും ഗഡു Rs. 2,10,000/- വിതരണം ചെയ്തു.

**(2) ശൗചാലയം-ഒന്നാം ഗഡു വിതരണം (ഏപ്രിൽ 26)**

അതിജീവൻ പദ്ധതിയുടെ ഭാഗമായി ഒന്നാംകര, **പുല്ലങ്ങടി, ചമ്പക്കുളം** യൂണിറ്റുകളിൽ 11 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണസഹായത്തിന്റെ ഒന്നാം ഗഡു Rs. 1,65,000/- വതരണം ചെയ്തു.

**(3) ഭവനനിർമ്മാണം രണ്ടാം ഗഡു വിതരണം (മെയ് 18)**

അതിജീവൻ പദ്ധതിയുടെ ഭാഗമായി 13 യൂണിറ്റുകളിൽ 48 കുടുംബങ്ങൾക്ക് Rs. 9,60,000/- ഭവനനിർമ്മാണ സഹായത്തിന്റെ രണ്ടാം ഗഡു വിതരണം ചെയ്തു.

**(4) ശൗചാലയം-രണ്ടാം ഗഡു വിതരണം (മെയ് 18, 30)**

അതിജീവൻ പദ്ധതിയുടെ ഭാഗമായി 13 യൂണിറ്റുകളിൽ 91 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണ സഹായത്തിന്റെ രണ്ടാം ഗഡു Rs. 4,55,000/- വിതരണം ചെയ്തു.

**(5) കോഴി വിതരണം**

അതിജീവൻ പദ്ധതിയുടെ ഭാഗമായി മാർച്ച് 30, മെയ് 22 ന് തീയതികളിൽ **നസ്രത്ത്, ചേന്നങ്കരി, കൂലിപ്പുര, പൊങ്ങ, തോട്ടുവാത്തല,**



**നർബോനപുരം,** ഒന്നാംകര യൂണിറ്റുകളിലെ തെരഞ്ഞെടുക്കപ്പെട്ട 100 കുടുംബങ്ങൾക്ക് (ഒരു ഗുണഭോക്താവിന് 10 കോഴി വീതം) 1000 മുട്ടക്കോഴികളെ വിതരണം ചെയ്തു. Rs. 1,50,000/- ചെലവഴിച്ചു.

**(6) ആട് വളർത്തൽ**

കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ ചമ്പക്കുളം ഫൊറോനായിൽ നടപ്പാക്കുന്ന പുനരധിവാസപദ്ധതിയിൽ EA Pro-



ject-ന്റെ ഭാഗമായി ഏപ്രിൽ 5, 16, മെയ് 17, 25 തീയതികളിൽ ഒരു ഗുണഭോക്താവിന് 2 ആടുകൾ വീതം **നസ്രത്ത്, പൊങ്ങ, ചേന്നങ്കരി, കൂലിപ്പുര, തോട്ടുവാത്തല** യൂണിറ്റുകളിൽ വിതരണം നടത്തി. 83 ഗുണഭോക്താക്കൾക്കായി Rs. 8,30,000/- ചെലവഴിച്ചു.

**(7) വാട്ടർപ്യൂരിഫയർ വിതരണം**

ചാസിന്റെ ആഭിമുഖ്യത്തിൽ കുട്ടനാട് പുനരധിവാസ പദ്ധതിയിൽ കാരിത്താസ് ഇൻഡ്യയുടെ സഹകരണത്തോടെ നടപ്പാക്കുന്ന 'അതിജീവൻ' പദ്ധതിയിൽ ചമ്പക്കുളം, നെടുമുടി പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 കുടുംബങ്ങൾക്ക് വാട്ടർപ്യൂരിഫയർ വിതരണം ചെയ്തു. മെയ് 17 ന് ചമ്പക്കുളം ബസ്‌ലിക്ക ഓഡിറ്റോറിയത്തിൽ ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജു പാലത്തിങ്കൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോനാ വികാരി റവ. ഫാ. എബ്രഹാം കാടാത്തുകളം അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയ



റക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. ജലസംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും വാട്ടർപ്യൂരിഫയറിന്റെ പ്രവർത്തനത്തെക്കുറിച്ചും സെബാസ്റ്റ്യൻ എം.റ്റി. ക്ലാസ് നയിച്ചു. പ്രോജക്ട് കോ-ഓർഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റ് പ്രസിഡന്റ് എൻ. എം. ആന്റണി നാലുപറയിൽ എന്നിവർ പ്രസംഗിച്ചു. Rs. 5,50,000/- ഈ പദ്ധതിയിൽ ചെലവഴിച്ചു.

**IV. പുറക്കാട് ഇടവകയിൽ പുന്നത്തുറ ഇടവക ഭവന-ശൗചാലയ നിർമ്മാണയ പദ്ധതിക്കായി 2,50,000/- രൂപ വിതരണം ചെയ്തു.**

**V. ഈര ഇടവകയിൽ പാലാ കരിമ്പാനി ഇടവക WATSAN പദ്ധതിയുടെ ഭാഗമായി ഏപ്രിൽ 3 ന് ശൗചാലയ നിർമ്മണത്തിന് 7 കുടുംബങ്ങൾക്ക് 1,40,000 രൂപയും, 7 കുടുംബങ്ങൾക്ക് 35,000/ രൂപയുടെ വാർട്ടർ പ്യൂരിഫയറും വിതരണം ചെയ്തു.**

**VI. ഷംഷാബാദ് രൂപത-ഭവനനിർമ്മാണം**

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി ഷംഷാബാദ് രൂപത **പച്ച-ചെക്കിടിക്കാട്, ചങ്ങങ്കരി, പാണ്ടി, തായങ്കരി** യൂണിറ്റുകളിലെ തെരഞ്ഞെടുത്ത 15 കുടുംബങ്ങൾക്ക് Rs. 23,50,000/- വിതരണം ചെയ്തു.

**VII. Xisco Muñoz Expuig, Spain-WATSAN Project**

**ശൗചാലയ നിർമ്മാണം - ഒന്നാം ഗഡു വിതരണം (ഏപ്രിൽ 30, മെയ് 7)**

കുട്ടനാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി Xisco Muñoz Expuig, Spain സഹകരണത്തോടെ **രാമങ്കരി, കൈനടി, കുമരങ്കരി, വെളിയനാട് കേസറിയ, കാവാലം ലിസ്യൂ** യൂണിറ്റുകളിൽ നടപ്പാക്കുന്ന WATSAN പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട 18 കുടുംബങ്ങൾക്ക് ശൗചാലയ നിർമ്മാണ സഹായത്തിന്റെ ആദ്യ ഗഡുവായി 5,60,000/ രൂപ വിതരണം ചെയ്തു.

**VIII. ECHO-Project പൊതുജനാരോഗ്യ സെമിനാർ**

**ചമ്പക്കുളം, കൈനകരി, നെടുമുടി** ഗ്രാമപഞ്ചായത്തുകളിൽ നടന്നുവരുന്ന ECHO-Project ന്റെ ഭാഗമായി മാർച്ച് 29 ന് പൊങ്ങ മാർ സ്ലീവാ പാരീഷ് ഹാളിൽ പൊതുജനാരോഗ്യസെമിനാർ സംഘടിപ്പിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ഉദ്ഘാടനം നിർവഹിച്ചു. കാരിത്താസ് ഇൻഡ്യ പ്രോഗ്രാം ഓഫീസർ റ്റി. ജെ. വർക്കി, പ്രോജക്ട് കോ-ഓർഡിനേറ്റർ അമൽ സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ജൂണിയർ പബ്ലിക്ക് ഹെൽത്ത് ഇൻസ്പെക്ടർ അനുമോൻ സി.ജെ. ക്ലാസ് നയിച്ചു. 26 അംഗങ്ങൾ പങ്കെടുത്തു.



## തണൽ

ചാസിന്റെ വിവിധ സഹായ പദ്ധതികൾ വഴി 2019 ഏപ്രിൽ -ജൂൺ മാസങ്ങളിൽ ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1) SHG മരണാനന്തര സഹായം

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 414. ഭാസുര ജ്ഞാനശേഖരൻ | തേജസ് | ആറാട്ടുവഴി | ആലപ്പുഴ |
| 415. തങ്കമ്മ ശൗര്യാർ | സ്നേഹദീപം | കൊടുപ്പുന്ന | എടത്വാ |
| 416. വർഗ്ഗീസ് വർഗ്ഗീസ് | ഗ്രാമശ്രീ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 417. ത്രേസ്യാമ്മ ദേവസ്യ ഇടമനത്തറ | സ്നേഹദീപം | കോയിൽമുക്ക് | എടത്വാ |
| 418. പി.സി. ജോസഫ് പാത്രപാങ്കൽ | മരിയൻ | കൂരോപ്പട | കോട്ടയം |
| 419. എൽസമ്മ ജോസഫ് കാട്ടിപ്പറമ്പ് | നവോദയ | മുഹമ്മ | ആലപ്പുഴ |
| 420. കൊച്ചുറാണി പോളയ്ക്കൽ | മരിയ | കാവാലം സെന്റ് തെരേസാസ് | പുളിംകുന്ന് |

### (2) മ്യൂച്ചൽ ബെനിഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 249. മാത്യു ജോസഫ് കാഞ്ഞിരംകാല | നാൽപ്പാത്തിമല | അതിരമ്പുഴ |
| 250. എൻ.ജി. തമ്പി നെടുംതറയിൽ | നാൽപ്പാത്തിമല | അതിരമ്പുഴ |

| | | |
|---|---|---|
| 251. റോസമ്മ തോമസ് പാറശ്ശേരി | നാലുകോടി | തൃക്കൊടിത്താനം |
| 252. ഗ്രേയ്സി വർഗ്ഗീസ് | ഫിൽഗിരി | കൊല്ലം |
| 253. പെണ്ണമ്മ ജോസഫ് കണ്ണന്തറ | പൊടിപ്പാറ | തുരുത്തി |
| 254. അന്നമ്മ സെബാസ്റ്റ്യൻ കൊച്ചുമതിക്കളം | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 255. ത്രേസ്യാമ്മ വെമ്പേനിക്കൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 256. സുശീല കുന്നത്ത് | മണ്ണാർകുന്ന് | അതിരമ്പുഴ |
| 257. മാത്യു ളാപ്പള്ളിൽ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 258. റോസമ്മ മാത്യു മുല്ലശ്ശേരി | കൂത്രപ്പള്ളി | നെടുംകുന്നം |
| 259. റ്റി.റ്റി. തോമസ് തുരുത്തിക്കാട് | കൂത്രപ്പള്ളി | നെടുംകുന്നം |
| 260. മേരിക്കുട്ടി ജോസഫ് വെടിക്കാരൻപറമ്പ് | ചങ്ങംകരി | എടത്വാ |
| 261. ത്രേസ്യാമ്മ സ്കറിയ പതിനെട്ടെൽ | മരിയാപുരം | എടത്വാ |
| 262. റ്റി.ഡി. ജെയിംസ് തുണ്ടിയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 263. ഓമന മോഹനൻ മാളിയേക്കൽ | തത്തംപള്ളി | ആലപ്പുഴ |
| 264. ത്രേസ്യാമ്മ ദേവസ്യ ഇടമനത്തറ | കോയിൽമുക്ക് | എടത്വാ |
| 265. മറിയമ്മ ജോസഫ് വെട്ടിത്തുരുത്തേൽ | കുമരകം | കുടമാളൂർ |
| 266. ക്ലാരമ്മ കുര്യൻ പാണംപറമ്പിൽ | കുമരകം | കുടമാളൂർ |
| 267. ജോസഫ് ഇലഞ്ഞിക്കൽ | അതിരമ്പുഴ | അതിരമ്പുഴ |
| 268. വിൽസൺ മാംപറമ്പിൽ | മാന്നില | കുറുമ്പനാടം |
| 269. അമ്മിണി മാടപ്പള്ളിൽ | വള്ളംചിറ | മണിമല |
| 270. കെ.എ. തോമസ് കോക്കോട്ട് | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |

- **ചികിത്സാസഹായം**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 121. പി. ജോർജ്ജ് വാലുപച്ചകിഴക്കേതിൽ | നരിക്കൽ | കൊല്ലം |
| 122. ഹസ്സീനാ അലി, അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 123. എ. കബീർ, അന്തേക്കുപറമ്പ് | ആറാട്ടുവഴി | ആലപ്പുഴ |
| 124. പി.എ. ബഹീർ നിലംനികത്തിൽ | ആറാട്ടുവഴി | ആലപ്പുഴ |
| 125. സരോജിനി ജോവാസ് | വാവോട് | അമ്പൂരി |
| 126. കമലം പാലയ്യൻ | രാജഗിരി | അമ്പൂരി |
| 127. ആൻസി ജിം കൂട്ടുമ്മേൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 128. മോളി ജോസഫ് കടുപ്പിൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 129. ആനിമ്മ ദേവസ്യ കൈനിക്കര | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 130. ശാന്തി ജോസഫ് കുട്ടംപേരൂർ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 131. ഷീന അനു അറവാക്കൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 132. തങ്കമ്മ വർഗ്ഗീസ് പനയ്ക്കൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 133. മാത്യു ജോസഫ് | വെട്ടിമുകൾ | അതിരമ്പുഴ |
| 134. ചിന്നമ്മ കുര്യൻ | വെട്ടിമുകൾ | അതിരമ്പുഴ |
| 135. സുബി ജെഫിൻ | വെട്ടിമുകൾ | അതിരമ്പുഴ |

| | | |
|---|---|---|
| 136. ലാലി വർഗ്ഗീസ് | വെട്ടിമുകൾ | അതിരമ്പുഴ |
| 137. സതി രാജു | വെട്ടിമുകൾ | അതിരമ്പുഴ |
| 138. സെലിൻ സേവ്യർ കോപ്ടാക് | ചങ്ങനാശ്ശേരി | ചങ്ങനാശ്ശേരി |

**(3) ജീവകാരുണ്യനിധി**

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2019 ഏപ്രിൽ-ജൂൺ മാസം 96 ഇടവകകളിൽ നിന്നും ബഹു. വികാരിയച്ചന്മാരുടെ കത്ത് ലഭിച്ച 203 അപേക്ഷകർക്ക് 2,61,200/- രൂപ നൽകി.

**(4) സേവ് എ ഫാമിലി പ്ലാൻ (SAFP)**

- **2019 ഏപ്രിൽ-ജൂൺ മാസങ്ങളിൽ 72 കുടുംബങ്ങൾക്കായി 8,90,184/- രൂപ സഹായധനം അനുവദിച്ചു.**

**(5) ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽ 2019 മെയ് മാസം 3 കുടുംബങ്ങൾക്ക് ചികിത്സാചെലവായി 20,423/- രൂപ അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *തുക* |
|---|---|---|
| 1. ലിസമ്മ ആന്റണി, കരിക്കണ്ടത്തിൽ | കുറുമ്പനാടം | 6373/- |
| 2. ചാക്കോ ജോർജ്ജ് വെട്ടുപറമ്പിൽ | മുട്ടാർ ഓൾഡ് | 7300/- |
| 3. രാജ് പി. ജോസ്, പുതുപ്പള്ളി | വാഴൂർ | 6750/- |

## ഗൃഹ ലക്ഷ്മി (Home Nurse)

രോഗികൾക്കൊപ്പം താമസിച്ച് കിടപ്പുരോഗികളെ ശുശ്രൂഷിക്കുവാൻ താത്പര്യമുള്ള യുവതികളെ ആവശ്യമുണ്ട്.
**അലവൻസ് - 15,000 രൂപ**

## ഗൃഹശ്രീ

1. പകൽ സമയം വീട്ടുജോലികളിൽ സഹായിക്കുവാൻ വനിതകളെ ആവശ്യമുണ്ട്. **അലവൻസ് 11,000 രൂപ**
2. വീടുകളിൽ താമസിച്ച് വീട്ടുജോലികൾ ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 14,000 രൂപ**
3. വീടുകളിൽ താമസിച്ച് രോഗികളെ ശുശ്രൂഷിക്കുകയും അതോടൊപ്പം വീട്ടു ജോലികളിൽ സഹായിക്കുകയും ചെയ്യുന്ന വനിതകൾക്ക് **അലവൻസ് 17,000 രൂപ**

**കൂടുതൽ വിവരങ്ങൾക്ക് ഫോൺ 9495534212**

# മൈക്രോഫിനാൻസ്

**സ്വാശ്രയ സംഘരൂപീകരണം**

| *തീയതി* | *സംഘം* | *യൂണിറ്റ്* | *അംഗങ്ങൾ* |
|---|---|---|---|
| 04.04.2019 | അനുപമ | പുതുക്കരി | 15 |
| 06.04.2019 | ആവേമരിയ | ,, | 11 |
| 06.04.2019 | ഒരുമ | ,, | 16 |
| 06.04.2019 | അമലോത്ഭവ | ,, | 20 |
| 06.04.2019 | ഇമ്മാനുവേൽ | ,, | 17 |
| 06.04.2019 | ചെറുപുഷ്പം | ,, | 13 |
| 06.04.2019 | ജീസ്സസ് | ,, | 20 |
| 06.04.2019 | ജീവൻ | ,, | 11 |
| 06.04.2019 | മരിയൻ | ,, | 13 |
| 25.04.2019 | മരിയൻ | ഇരവുചിറ | 20 |
